പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1309** **15-10-2026-ൽ മറുപടിയ്ക്ക്**

**അങ്കമാലി – എരുമേലി ശബരി റെയിൽപാത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ശക്തൻ
ശ്രീ. സി. വി. ശാന്തകുമാർ
ശ്രീ. എം. ആർ. ബൈജു

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** അങ്കമാലി-ശബരി റെയിൽവേ പദ്ധതി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് 04-03-2026ലെ ജി.ഒ.(ആർ.റ്റി.) നം.89/2026/TRANS പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ പകുതി സംസ്ഥാനം വഹിക്കുന്നതിന്റെ ഭാഗമായി 3,800 കോടി രൂപയുടെ 50% ആയ 1,900 കോടി രൂപ (ആയിരത്തി തൊള്ളായിരം കോടി രൂപ മാത്രം) KIIFB മുഖേന വഹിക്കുന്നതിനുള്ള അനുമതി ഉത്തരവും G.O.(Ms)No.5/2026/TRANS Dated 06-02-2026 പ്രകാരം ഗതാഗത വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, 14-03-2026ലെ ജി.ഒ.(ആർ.റ്റി) നം.669/2026/ആർഡി ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിക്കായി ഇടുക്കി ജില്ലയിൽ നിന്നും 31.64 ഹെക്ടറും, എറണാകുളം ജില്ലയിൽ നിന്നും 152.05 ഹെക്ടറും, കോട്ടയം ജില്ലയിൽ നിന്നും 119.8907 ഹെക്ടർ ഭൂമിയും ഏറ്റെടുക്കുന്നതിന് റവന്യൂ അനുമതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** പദ്ധതിക്കായി ഏറ്റെടുക്കേണ്ട ആകെ ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്; ജില്ല, താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; ഇതുവരെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ശേഷിക്കുന്ന ഭൂമി എത്രയാണ്; വിശദമാക്കുമോ;

**മറുപടി:** 14-03-2026 ലെ ജി.ഒ.(ആർ.റ്റി) നം.669/2026/ആർഡി ഉത്തരവ് പ്രകാരം അങ്കമാലി-ശബരി റെയിൽവെ പദ്ധതിയ്ക്ക് വേണ്ടി ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിലെ തൊടുപുഴ, മണക്കാട്, കരിങ്കുന്നം എന്നീ വില്ലേജുകളിൽ നിന്നായി 31.64 ഹെക്ടർ ഭൂമിയും കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ 64.6627 ഹെക്ടർ ഭൂമിയും കാഞ്ഞിരപ്പള്ളി താലൂക്കിലെ 55.228 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ കോട്ടയം ജില്ലയിൽ 119.8907 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിക്കായി ഇടുക്കി, കോട്ടയം ജില്ലകളിൽ നിലവിൽ ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല.

നിർദ്ദിഷ്ട അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കു വേണ്ടി എറണാകുളം ജില്ലയിലെ ആലുവ, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിൽ ഉൾപ്പെട്ടു വരുന്ന വില്ലേജുകളിൽ നിന്നും ഏതാണ്ട് 152.05

ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ആയതിൽ ആലുവ താലൂക്കിൽ ഉൾപ്പെട്ടു വരുന്ന 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. കുന്നത്തുനാട്, കോതമംഗലം, മൂവാറ്റുപുഴ എന്നീ താലൂക്കുകളിലെ വിവിധ വില്ലേജുകളിൽ ഭൂമി ഇനിയും ഏറ്റെടുത്ത് കൈമാറാൻ അവശേഷിക്കുന്നുണ്ട്.

**(സി)** ഭൂമിയേറ്റെടുക്കലിനായി ആവശ്യമായ തുക എത്രയാണ്; ഭൂമിയേറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രത്യേക തഹസിൽദാർ ഓഫീസുകളോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** ശബരി റെയിൽ പാതയുടെ അലൈൻമെന്റിൽ നിലവിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്. മാറ്റം വരുത്തിയതനുസരിച്ചുള്ള പുതിയ അലൈൻമെന്റ് സ്കെച്ചും, ലാൻഡ് ഡീറ്റെയിൽസും റെയിൽവേ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് ലഭ്യമായാൽ മാത്രമേ ഏറ്റെടുക്കേണ്ട വസ്തുവിന്റെ നഷ്ടപരിഹാരത്തുക (Cost of Compensation) തിട്ടപ്പെടുത്തുന്നതിന് സാധിക്കുകയുള്ളൂ.

അങ്കമാലി-ശബരി റെയിൽവേ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി പ്രത്യേകമായി പുതിയ എൽ.എ.യൂണിറ്റുകൾ ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**